
Volume 06
Issue 48
17 April, 2016

Is 49:13-23
Act 8:14-25
Eph 2:1-7
Jn 16:16-24




# സന്തോഷമായി മാറുന്ന ദുഃഖം

Rev Bro
Joji Kolenchery

ഉയർപ്പുകാലത്തിലെ നാലാമത്തെ ആഴ്ചയിലേയ്ക്കു നാം പ്രവേശിക്കുകയാണ്. പുനരുദ്ധാനത്തിലൂടെ ഈശോ നേടിയ പുതുജീവനിൽ പങ്കുചേരാനും അതിൽ സന്തോഷിക്കാനുമുള്ള കാലമാണിത്. ഈശോയുടെ മരണത്തിലും ഉത്ഥാനത്തിലുമുള്ള ഈ പങ്കുചേരൽ ജീവിത്തിലെ ഓരോ നിമിഷത്തിലും നമ്മുടെ ജീവിതശൈലിയാക്കി മാറ്റി പാപത്തിൽ മരിച്ചവരും ഈശോയിൽ ജീവിക്കുന്നവരുമായി ഉത്ഥാനത്തിന്റെ മഹത്വത്തിലേയ്ക്കു രൂപാന്തരപെടുവാൻ നമ്മുക്ക് സാധിക്കണം.

സന്തോഷമായി മാറുന്ന ദുഃഖത്തെക്കുറിച്ചാണു യോഹന്നാന്റെ സുവിശേഷം 16:16-24 വരെയുള്ള തിരുവചനത്തിൽ നമുക്കു കാണാൻ സാധിക്കുന്നത്. ഈശോ മിശിഹാ തന്റെ പീഡാസഹനത്തെയും മരണത്തെയും ഉത്ഥാനത്തെയുംകുറിച്ച് ശിഷ്യർക്കുനൽകുന്ന സന്ദേശമാണിത്. താല്ക്കാലികമായ വേദനയും അതിനെതുടർന്ന് വരുന്ന നിത്യമായ സന്തോഷവുമാണ് കർത്താവിന്റെ വാഗ്ദാനം. ഈശോ അനുഭവിച്ചതും അതാണ്. കുരിശുമരണം വരെ അനുസരണം ഉള്ളവനായി തന്നെതന്നെ താഴ്ത്തിയ കർത്താവിന് പിതാവു നൽകിയ ഉത്ഥാനവും മഹത്വവുമാണ് സന്തോഷമായി മാറുന്ന ദുഃഖമായി കർത്താവ് അവതരിപ്പിക്കുന്നത്. ഇതിന് ഉദാഹരണമായി നൽകുന്നത് സ്ത്രീയുടെ പ്രസവവേദനയാണ്. കർത്താവിന്റെ പീഡാനുഭവവും ദുഃഖവും പ്രസവവേദന അനുഭവിക്കുന്നവളുടെ വേദനയ്ക്കും ദുഃഖത്തിനും സമാനമാണ്. രണ്ടിലും വേദനയ്ക്കും ദുഃഖത്തിനും ശേഷം പുതിയജീവൻ എന്നു പറയുന്നത് കർത്താവിന്റെ വാഗ്ദാനവും സുവിശേഷത്തിന്റെ വാഗ്ദാനവുമാണ്. പുതിയ ജീവനാണ് ശരിയായ ജീവൻ. മിശിഹായുടെ ദൗത്യത്തിൽ പങ്കുചേരുന്ന ശിഷ്യ സമൂഹം ഇനി കടന്നു പോകേണ്ട യാഥാർത്ഥ്യമാണ് സഹനവഴി. ഇത് ഫലശൂന്യമായ സഹനമല്ല. മറിച്ച് പുതിയ ശിഷ്യ സമൂഹത്തിന് ജന്മം നൽകുന്ന പ്രസവതുല്യമായ പ്രവർത്തിയാണ്. ദുഃഖങ്ങൾ താങ്ങാനും സന്തോഷത്തെ സ്വീകരിക്കുവാനും കർത്താവ് ശിഷ്യനെ ഒരുക്കുകയാണ്. സുവിശേഷ വചനങ്ങളിലൂടെ അവരെ കരുത്തുള്ളവരാക്കുകയാണ്. ഈശോയോട് ചേർന്നു നിന്നാൽ മാത്രമേ സഹനങ്ങളിൽ തളരാതെയും സന്തോഷങ്ങളിൽ അതിരുവിടാതെയും ജീവിക്കാൻ കഴിയു.

ഈ ലോകത്തിൽ ഈശോയോട് ചേർന്ന് ജീവിക്കുന്നവർക്കാണ് പരലോകത്തിൽ കർത്താവിന്റെ സാന്നിധ്യം ലഭിക്കുകയുള്ളു. ഇവിടെ കർത്താവിനോട് ചേർന്ന് ജീവിക്കുക എന്നത് കുരിശെടുത്ത് പിന്നാലെ പോകലാണ്. ദുഃഖങ്ങൾ സന്തോഷമായി മാറുന്ന സുവിശേഷമാണ് കർത്താവിന്റേത്. എന്നാൽ ലോകത്തിന്റേതാകട്ടെ ദുഃഖമായി മാറുന്ന സന്തോഷങ്ങളുടെതും. ജീവിതത്തിൽ നേരിടുന്ന ചെറുതും വലുതുമായ കഷ്ടാനുഭവങ്ങളെ ദൈവത്തെപ്രതി സ്വർഗ്ഗത്തെപ്രതി നിത്യ ജീവനെ പ്രതി സ്വീകരിക്കാനാകണം. എങ്കിലെ സന്തോഷമായി മാറുന്ന ദുഃഖങ്ങളെ സ്വീകരിക്കുവാൻ പറ്റു. അല്ലെങ്കിൽ നമുടെ സങ്കടങ്ങളെ ശാപമായി ഭാരമായി നാശമായി കാണാനെ പറ്റു.

ഗുരുവിന്റെ ഒപ്പം നടന്ന് ക്രിസ്തു മാർഗ്ഗം അഭ്യസിച്ചിട്ടും കുരിശുമരണത്തിന്റെ തലേന്നും ശിഷ്യർ സംശയാലുക്കളായിരുന്നു. തോമസും പിലിപ്പോസും ശിഷ്യരായിരുന്നെന്നിരുന്നാലും യേശുവിനോടു ചോദിക്കുന്ന സംശയങ്ങൾ ഇതിനു തെളിവാണ്. കൂടുതൽ അറിയാനും അറിഞ്ഞതിനെ ബോധ്യപ്പെടുത്താനും സംശയങ്ങൾ സഹായകമാണ്. എന്നാൽ സംശയം സത്യത്തെ സംഹരിച്ചു തുടങ്ങുന്നടത്തുനിന്ന് അവിശ്വാസം ആരംഭിക്കുന്നു.

ലോകത്തെ വിജയിച്ച ഈശോ ലോകത്തെ വിജയിക്കാനുള്ള മാർഗ്ഗങ്ങൾ ശിഷ്യർക്കു പറഞ്ഞു കൊടുക്കുകയാണ്. വിശ്വാസത്തിന്റെ പരീക്ഷണവേദിയായ സഹനത്തിൽ പതറാതെ അവയെ ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ ഭാഗമായി സ്വീകരിക്കുക എന്നതാണ് ലോകത്തെ ജയിക്കാനുള്ള മാർഗ്ഗമായി ഈശോ കാണിച്ചുതരുന്നത്. വി മത്തായിയുടെ സുവിശേഷം 17-ാം അദ്ധ്യായം 21-ാം വാക്യത്തിൽ ഇപ്രകാരം പറയുന്നു. "വിശ്വസിക്കുന്നവന് എല്ലാം സാദ്ധ്യമാണ്." അസാധ്യകാര്യങ്ങൾ സാധ്യമാക്കി തരുന്നതിന് ഒരു വ്യവസ്ഥമാത്രമേ ദൈവം വച്ചിട്ടുള്ളു. വിശ്വസിക്കുക. ശ്വസിക്കുന്നവൻ ജീവവായു ഉൾക്കൊള്ളുന്നപോലെ വിശ്വസിക്കുന്നവൻ ദൈവത്തെ ഉൾക്കൊള്ളുന്നതു മൂലമാണ് നമുക്ക് അസാധ്യമായവ ചെയ്യുവാൻ അവൻ ശക്തനായി തീരുക. വായുവിൽ അടങ്ങിയിരിക്കുന്ന ജീവനെ സ്വന്തമാക്കുവാൻ ശ്വാസകോശങ്ങൾ പ്രവർത്തിക്കണം. അതുപോലെ വചനത്തിൽ അടങ്ങിയിരിക്കുന്ന ദൈവത്തിന്റെ ജീവനെ സ്വന്തമാക്കുവാൻ ആത്മാവിന്റെ ശ്വാസകോശങ്ങളായ ബുദ്ധിയും മനസ്സും പ്രവർത്തിക്കണം.

വചനം സത്യമാണെന്ന് ബുദ്ധികൊണ്ട് കണ്ടെത്തുകയും മനസ്സുകൊണ്ട് അതിനെ ഉൾക്കൊള്ളുകയും ചെയ്യുമ്പോൾ വിശ്വസിക്കൽ സംഭവിക്കുന്നു. ശ്വസിക്കുന്നില്ലെങ്കിൽ ശരീരം മരിക്കുന്നതുപോലെ വിശ്വസിക്കുന്നില്ലെങ്കിൽ ആത്മാവും മരിക്കും. മനുഷ്യൻ മനസ്സുവെച്ചാൽ പോലും ചിലപ്പോൾ ശ്വാസം കിട്ടാതെ മരിച്ചു എന്നു വരും. എന്നാൽ മനുഷ്യൻ മനസ്സുവെച്ചാൽ ഏതു സാഹചര്യത്തിലും വിശ്വസിക്കാൻ കഴിയും. കാരണം വചനത്തെ തടയാൻ ലോകത്തിലെ ഒരു ശക്തിക്കും കഴിയുകയില്ല. അതുകൊണ്ട് വചനമാകുന്ന ദൈവത്തിൽ നമ്മുടെ വിശ്വാസത്തെ ഉറപ്പിക്കാനാകണം. ഇല്ലെങ്കിൽ നമ്മുടെ ജീവിത്തിൽ ദൈവത്തിന് അത്ഭുതം പ്രവർത്തിക്കാൻ സാധിക്കാതെ വരും. വചനത്തിൽ പറയുന്ന കാര്യങ്ങൾ സത്യമാണെന്നും ബുദ്ധികൊണ്ട് സമ്മതിച്ചുകൊടുത്താൽ അത് വിശ്വാസത്തിന്റെ ആരംഭമേ ആകുന്നുള്ളു. ആ

കാര്യങ്ങൾ ദൈവം എനിക്കുവേണ്ടി ചെയ്തു കഴിഞ്ഞിരിക്കുന്നുവെന്ന് ബോധ്യപ്പെടുമ്പോൾ ആണ് വിശ്വാസത്തിന്റെ പൂർത്തികരണമാകുന്നത്. വിശ്വസിക്കുന്നവർക്ക് ദൈവത്തിന്റെ കൽപനകൾ പാലിക്കുവാൻ മടി ഉണ്ടാവുകയില്ല.

യോഹന്നാൻ 16 20 ൽ പറയുന്നു. നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും ദൈവം നമ്മുക്ക ദുഃഖങ്ങൾ അയയ്ക്കുന്നില്ലെങ്കിൽ അത് നമ്മെ ദുഃഖിപ്പിക്കാനല്ല മറിച്ച് സന്തോഷിപ്പിക്കാനാണ്. കയ്പുള്ള കഷായം മക്കളെ കുടിപ്പിക്കുന്ന അമ്മ ആഗ്രഹിക്കുന്നത് മക്കളുടെ ദുഃഖമല്ലല്ലോ. എന്നാൽ നിത്യനായ ദൈവം നമ്മുടെ നിത്യ സന്തോഷമാണ് ഉന്നം വെയ്ക്കുക എന്നോർക്കുക. എല്ലാം നഷ്ടപ്പെട്ടു എന്നു തോന്നിക്കുന്ന അവസരത്തിൽപോലും തന്നിൽ വിശ്വസിക്കണമെന്നാണ് ദൈവം ആവശ്യപ്പെടുക. കാര്യസാധ്യങ്ങൾക്കുവേണ്ടി ദൈവത്തിൽ വിശ്വസിക്കുന്നവരെയല്ല കർത്താവ് അന്വേഷിക്കുക. വിശ്വാസം പലയിടത്തും ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. ഈ കാലഘട്ടത്തിൽ നാം വിശ്വസിയാണെന്നു പറയുന്നതുതന്നെ പുതു ജീവനിലേയ്ക്കുള്ള പാത നമുക്ക് തുറന്നു തരുകയാണ്. തലമുറയായിട്ടു പകർന്നു കിട്ടിയ ക്രിസ്തിയ ജീവിതത്തെ വിശ്വാസത്തെ കൃപയായിവേണം നാം കരുതാൻ.

യോഹന്നാൻ 16-23-ൽ പറയുന്നു "നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും." നീ പ്രാർത്ഥിച്ചാൽ കർത്താവ് നിനക്ക് ഉത്തരം അരുളും. നീ നിലവിളിക്കുമ്പോൾ "ഇതാ ഞാൻ" എന്നു അവിടുന്ന് മറുപടി നൽകും. കർത്താവിന്റെ ഏറ്റവും ശക്തമായ ഒരു വാഗ്ദാനമാണിത്. എന്റെ പ്രാർത്ഥന കേൾക്കുന്ന എന്നെ മനസിലാക്കുന്ന എന്നെ അറിയുന്ന ഒരു ദൈവം ഉണ്ടെന്ന തിരിച്ചറിവ് മുന്നോട്ടുള്ള ജീവിതത്തിന് ശക്തിയാണ്. ഒരിക്കലും നമ്മെ കൈവെടിയുന്നവല്ല, മറിച്ച് കൂദാശകളിലൂടെ നമ്മുക്ക് വേണ്ടതെല്ലാം തരുന്നവനാണ് ദൈവം.

ഈശോയുടെ കൂടെ നടക്കാനും ഈശോയുടെ അനുഗ്രഹം പ്രാപിക്കാനും വിളിക്കപ്പെട്ട വിശ്വാസികളായ നമ്മുക്ക് ദൈവികമായ തിരിച്ചറിവിലേയ്ക്കു വളരാം. സഹനത്തിനപ്പുറം അനുഗ്രഹം ഉണ്ടെന്നും ആത്മീയമായ ആനന്ദം ആർക്കും എടുത്തു കളയാനാകില്ല എന്നും പ്രാർത്ഥിച്ചാൽ അത് കർത്താവ് ഏറ്റെടുക്കും എന്ന അനുഭവത്തിലേയ്ക്കു വളരാം. അവിടെയാണ് യഥാർത്ഥ ക്രൈസ്തവജിവിതവും ആത്മീയതയും ആരംഭിക്കുന്നത്. ജീവനാഥന്റെ ജിവബലിയിലൂടെ ജീവിതം അർപ്പിക്കുവാൻ നമ്മുക്കോരോരുത്തർക്കും സാധിക്കട്ടെ.